# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തകഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.1/71/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തകഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തകഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.1/71/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 02-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-01-2023 | 11-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-01-2023 | 11-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ലക്ഷ്മികാന്ത്.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്.അജയകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.മുഹമ്മദ് ഇക്ബാൽ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അതുല്യ.എസ്.നായർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജ്യോതിമോൻ.സി.വി | വെറ്റിനറി സർജൻ | 01-04-2021 | 30-09-2021 |
| ഡോ.സൂരജ്.എസ് | വെറ്റിനറി സർജൻ | 01-10-2021 | 31-03-2022 |
| ശ്രീമതി.സുനിഷ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-10-2021 |
| ശ്രീമതി.അമിത.സി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2021 | 31-03-2022 |
| ഡോ.ഷിബു സുകുമാരൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.അരുൾ ജ്യോതി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ജോഷ്മി പ്രതാപൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീത കുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ.സതീഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു.എച്ച് | വി.ഇ.ഒ (കുന്നുമ്മ) | 01-04-2021 | 31-03-2022 |
| ശ്രീമതി.റസിയ ബീവി.എം | വി.ഇ.ഒ (തകഴി) | 01-04-2021 | 09-11-2021 |
| ശ്രീമതി.ജയശ്രീ.കെ.വി | വി.ഇ.ഒ (തകഴി) | 10-11-2021 | 31-03-2022 |
| ശ്രീമതി.സലിൻ സാബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുമി സൂസൻ ചെറിയാൻ | എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ്-അവലോകനം | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്നു 6400/- രൂപാ സ്ഥാപന തൊഴിൽ നികുതി ഈടാക്കി | 1-10 |
| 13 | മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് പുതുക്കി നല്കുന്നു | 1-11 |
| 14 | നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പിന് ലൈസൻസ് അനുവദിച്ചു. | 1-12 |
| 15 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 12,500/- രൂപാ വരുമാന നഷ്ടം | 1-13 |
| 16 | പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല-നഷ്ടം 5316/- | 1-14 |
| 17 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം | 1-15 |
| 18 | ഐ.കെ.എം-ന് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-16 |
| 19 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-17 |
| 20 | PMAY AWAAS Plus ഭവന പദ്ധതി (എസ്.സി)- തുക വിനിയോഗിക്കപ്പെട്ടില്ല. | 1-18 |
| 21 | ലൈഫ് ഭവന നിർമാണം ആദ്യ ഗഡു കൈപ്പറ്റി ഭവന നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്. | 1-19 |
| 22 | കോവിഡ്-19 പ്രതിരോധം - ഡൊമിസിലിയറി കെയർ സെന്റർ ചെലവുകൾ-അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല. | 1-20 |
| 23 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക പെരുകുന്നു. | 1-21 |
| 24 | ആദായ നികുതി,ജി.എസ്.ടി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല | 1-22 |

| | | |
|---|---|---|
| 25 | കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-23 |
| 26 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. | 1-24 |
| 27 | പ്രോജക്ട് ഭാഗികമായി അവസാനിപ്പിച്ച നിലയിൽ | 1-25 |
| 28 | മുക്കട കോളനി ഓട നിർമ്മാണം - അപാകതകൾ | 1-26 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന്റെ ബിൽ സൂക്ഷിക്കുന്നില്ല. | 1-27 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നടത്തിപ്പിലെ അപാകതകൾ | 1-28 |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ | 1-29 |
| | ഭാഗം **2** | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 12,500/- രൂപ വരുമാന നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ | 3-1 |
| 2 | പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല-നഷ്ടം 5316/- | 3-2 |
| 3 | മുക്കട കോളനി ഓട നിർമ്മാണം - അപാകതകൾ | 3-3 |
| 4 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം | 3-4 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18.02.2021 തീയതിയിലെ 1-(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.03.2022-ലെ തീയതിയിലെ 1-(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 276764000 | 280833700 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 164893830 | 168289139 |

### 1-1-1 ബജറ്റ്-അവലോകനം

2021-22വർഷത്തെ ബജറ്റ് 18.2.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 25.3.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2105001 | എംപ്ലോയേഴ്സ് പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 00 | 00 | 105919 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു |
| 2 | 2201001 | റെന്റ് ഓഫ് ബിൽഡിംഗ് | 00 | 26,400 | 43933 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2205201 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 00 | 1350 | 2850 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2501031 | മൃഗസംരക്ഷണം പശു വളർത്തൽ | 940000 | 700000 | 881600 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2501033 | മൃഗസംരക്ഷണം എരുമ വളർത്തൽ | 440000 | 50000 | 108750 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2501039 | മൃഗസംരക്ഷണം പശ്ചാത്തല സൗകര്യങ്ങൾ | 00 | 00 | 50000 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 7 | 2502001 | മണ്ണ് ജല സംരക്ഷണം | 00 | 35,00,000 | 39,12,843 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2523102 | പാർശ്വഭിത്തി | 10,00,000 | 500000 | 911803 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 9 | 2512003 | പ്രത്യേക ആരോഗ്യ പരിപാടി | 215000 | 200000 | 279975 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 10 | 251300801 | ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 5,25,00,000 | 5,31,00,000 | 5,58,54,391 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/9.1.2023) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 17.06.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.വികസന ഫണ്ട്-എസ്.സി.പി ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം 6653022/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരം 6048194/-രൂപ മാത്രമാണ് തൻവർഷത്തെ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.
2.മെയിന്റനൻസ് ഗ്രാന്റ്-റോഡ് ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം 6032172/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരം 5515546/-രൂപ മാത്രമാണ് തൻവർഷത്തെ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.
3.മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം 4512155/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരം 4474155/-രൂപ മാത്രമാണ് തൻവർഷത്തെ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.
4.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിലുള്ള ആകെ ചെലവിനായുള്ള വരവ് 55854391/-രൂപയാണ്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 55819768/-രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.
5.അഡ്വാൻസ് രജിസ്റ്റർ ഇനം തിരിച്ച് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
6.ലോൺ രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
7.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.
വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ.09.01.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 13878942 |
| വരവ് | 61540428 |
| ആകെ | 75419370 |
| ചെലവ് | 66127860 |
| നീക്കിയിരിപ്പ് | 9291510 |
| വരവിനങ്ങളിലുള്ള നഷ്ടം | 12500 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 54420 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2445229 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 8916273 | 8916273 | 3228727 | 8916273 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6653022 | 6653022 | 315806 | 6048194 | 604828 (ലാപ്സായി) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 9800 | 9800 | 0 | 0 | 9800 (ലാപ്സായി) |
| 13-ാം ധനകാര്യ | 0 | 3392000 | 3392000 | 0 | 3370371 | 21629 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | 0 | 1756997 | 1756997 | 0 | 1682129 | 74868 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ബാങ്ക് | 0 | 2305332 | 2305332 | 0 | 2167343 | 137989 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ട്രഷറി | 0 | 224178 | 224178 | 0 | 212331 | 11847 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 9326000 | 9326000 | 0 | 5515546 | 3810454 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5446228 | 5446228 | 0 | 4474155 | 972073 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 8916273 | 12145000 |
| ചെലവ് | 12145000 | 12145000 |
| നീക്കിയിരിപ്പ് | (-)3228727 | 0 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 6653022 | 6968828 |
| ചെലവ് | 63640000 | 6364000 |
| നീക്കിയിരിപ്പ് | 289022 | 604828 |

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)

പലിശയിനത്തിൽ ലഭിച്ച തുക വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 2486178 | 2529510 |
| ചെലവ് | 2379674 | 2379764 |
| നീക്കിയിരിപ്പ് | 106504 | 149836 |

4.മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ജി.ഒ(ആർ.റ്റി) നം.2617/2022 ഫിൻ തീ.31.03.2022-പ്രകാരം ലഭ്യമായ അലോട്ട്മെന്റ് കണക്കിലെടുക്കാത്തത് മൂലം ലഭ്യമാക്കിയ വരവ് നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 5426485 | 5446228 |
| ചെലവ് | 4474155 | 4474155 |
| നീക്കിയിരിപ്പ് | 952330 | 972073 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.
(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 150 | 108420710 | 126 | 50318104 | | 24 | 84% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1000 | 997103 | 998103 | 985340 | 12763 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 54869051 | 54869051 | 54869051 | 0 |
| ആകെ | 1000 | 55866154 | 55867154 | 55854391 | 12763 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 62520 | 34 |
| കർഷക തൊഴിലാളി പെൻഷൻ | 18092600 | 1178 |
| വിധവ പെൻഷൻ | 9524300 | 646 |
| വാർദ്ധക്യകാല പെൻഷൻ | 18803200 | 1328 |
| വികലാംഗ പെൻഷൻ | 3793600 | 242 |
| അവിവാഹിത പെൻഷൻ | 567600 | 37 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.01.2023 തീയതിയിൽ 03:15 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,152/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾചുവടെ ചേർക്കുന്നു.

1. കുടിവെള്ള കരമിനത്തിൽ രണ്ട് കോടിയിലധികം രൂപ കുടിശ്ശിക അടയ്ക്കുവാനുള്ളതായി കാണുന്നു. ആയത് കുറയ്ക്കുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല.
2. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കറന്റ് ചാർജ്ജിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ താരിഫ് കാർഡ് പഞ്ചായത്തിൽ നിലവിലില്ല. നിലവിൽ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ബൾബുകളുടെയും ട്യൂബുകളുടെയും കൃത്യമായ സ്ഥിതി വിവരക്കണക്കില്ല.
3. ബജറ്റിനനുസൃതമായാണ് ചെലവ് ചെയ്യപ്പെടുന്നതെന്ന് നിരീക്ഷിക്കപ്പെടുന്നില്ല.
4. ഓഡിറ്റ് വർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിസൂക്ഷിച്ചിട്ടില്ല.
5. സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന 6400/- രൂപാ സ്ഥാപന തൊഴിൽ നികുതി ഈടാക്കി

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും, സ്ഥാപന തൊഴിൽ നികുതി 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ ഈടാടാക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:2 /തീയതി: 09-01-2023) നൽകിയതിനെ തുടർന്ന് ടി സ്ഥാപനങ്ങൾ താഴെ സൂചിപ്പിക്കുന്ന രസീതുകൾ പ്രകാരം നികുതി ഇനത്തിൽ അധികമായി ഒടുക്കേണ്ട തുകയായ 6400/-രൂപാ പഞ്ചായത്തിൽ ഒടുക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | 2021-22 അർദ്ധവർഷം | രസീത് നം / തീയതി | ഒടുക്കിയ തുക |
|---|---|---|---|---|
| 1 | ക്ഷീരോത്പാദക സഹ:സംഘം, തകഴി | ഒന്നും രണ്ടും അർദ്ധവർഷം | 1220102046 തീയതി 11-01-2023 | 1300/- |
| 2 | ക്ഷീരോത്പാദക സഹ:സംഘം, പടഹാരം | ഒന്നും രണ്ടും അർദ്ധവർഷം | 1220102048 തീയതി 11-01-2023 | 1900/- |
| 3 | ക്ഷീരോത്പാദക സഹ:സംഘം, ചെക്കിടിക്കാട് | ഒന്നും രണ്ടും അർദ്ധവർഷം | 1220102049 തീയതി 11-01-2023 | 1900 |
| 4 | ക്ഷീരോത്പാദക സഹ:സംഘം, തെന്നടി | ഒന്നും രണ്ടും അർദ്ധവർഷം | 1220102047 തീയതി 11-01-2023 | 1300 |
| | ആകെ | | | 6400/- |

## 1-11 മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് പുതുക്കി നല്കുന്നു

2018 ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ലൈസൻസ് പുതുക്കുന്നതിനും, പുതുതായി ലൈസൻസിനായി ലഭിച്ച അപേക്ഷാ ഫോറങ്ങളിൽ സ്ഥാപനങ്ങൾ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇതുമൂലം ഭേദഗതി ചെയ്യപ്പെട്ട നിയമത്തിന് അനുസൃതമായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല. ഇത് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കുറവുണ്ടാക്കുന്നു. ഇത്തരത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾ സ്വീകരിച്ച് ലൈസൻസ് ലൈസൻസ് ഫീസ് ഈടാക്കുന്നത് മൂലം പഞ്ചായത്തിനുണ്ടാകാൻ സാധ്യതയുള്ള വരുമാന നഷ്ടം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:01/തീയതി:04-01-23) തുടർ വർഷങ്ങളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയ അപേക്ഷകൾ പരിഗണിച്ച് മാത്രമേ ലൈസൻസ് ഫീസ് തിട്ടപ്പെടുത്തുകയുള്ളൂ എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ലൈസൻസിനായുള്ള അപേക്ഷയിൽ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനനുസൃതമായാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പിന് ലൈസൻസ് അനുവദിച്ചു.

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 5ാം വാർഡിലെ 361A നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ദേവി ഫ്യുവൽസ് എന്ന പെട്രോൾ പമ്പ് ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ താഴെ സൂചിപ്പിക്കും പ്രകാരം ഹാജരാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | സമർപ്പിക്കാത്ത നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ |
|---|---|---|
| 1 | ദേവി ഫ്യുവൽസ് | 1 ഫയർ & റെസ്ക്യൂ ലൈസൻസ്<br>2. പൊലൂഷൻ സർട്ടിഫിക്കറ്റ് |

കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊലൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിക്കുന്ന 06.09.2020ലെ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ ഹോം-എസ്.എസ്.4/155/2020-ഹോം നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിയമാനുസൃതം ഹാജരാക്കേണ്ട എല്ലാ നിരാക്ഷേപ

പത്രങ്ങളും ഹാജരാക്കാൻ ടി സ്ഥാപനത്തിന് നിർദ്ദേശം നൽകിയത് അനുസരിച്ച് ഹാജരാക്കാത്ത നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കിയതായും, തുടർന്നുള്ള വർഷങ്ങളിൽ എല്ലാ നിരാക്ഷേപ പത്രങ്ങളും അപേക്ഷയോടപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്നും, നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:01 /04-01-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പെട്രോൾ പമ്പുകൾ മേൽ ലൈസൻസുകൾ ഹാജരാക്കിയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് പുതുക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്യ്തീടാക്കിയില്ല- 12,500/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | കൃഷ്ണ ഗീതം ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2, | അമ്പാടി ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | മുളമൂട്ടിൽ ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | പരുവപറമ്പിൽ ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | തകഴി ഗ്രാമീൺ നിധി ലിമിറ്റഡ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| | ആകെ | | 12,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷം മുതൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:2,തീയതി: 09/01/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽ നഷ്ടം ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല-നഷ്ടം 5316/-

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപത്രങ്ങളിൽ നല്കിയിട്ടുള്ള ടെണ്ടർ /ദർഘാസ് പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ ചെലവഴിച്ച 37,212 /- രൂപയ്ക്കു മേൽ സൂചിപ്പിച്ച 15% ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ / തീയ്യതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | 5% ജിഎസ്ടി ഈടാക്കുന്നതിന് മുൻപുള്ള തുക | 15% ട്രേഡ് ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 22100160 / 28-06-2021 | 321000085945 / 31.01.21 മാതൃഭൂമി | 8736-516 = 8320 | 1248 |
| | | 321000092486/ 15.02.2021 മാതൃഭൂമി | 8736-516 = 8320 | 1248 |
| 2 | 22100480 / 16-11-21 | 126273844 /10.10.21 മലയാള മനോരമ | 9660-460= 9200 | 1380 |
| 3 | 22100648 / 31-01-22 | ALPSCH073692 / 07-12-22 കേരള കൌമുദി | 5040-240= 4800 | 720 |
| | | ALPSCH074424 / 09-12-22 | 5040-240= 4800 | 720 |

| | | | | |
|---|---|---|---|---|
| | | കേരള കൌമുദി | | |
| | | ആകെ | 37,212/- | 5316/- |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയും ചെയ്തത്. ബന്ധപ്പെട്ട പത്ര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം: 13 / 10-01-2023) ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-16 ലും ഇതേ അപാകത ചൂണ്ടിക്കാട്ടിയിരുന്ന ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. വിവിധ ദിനപത്രങ്ങളിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് മേൽ സൂചിപ്പിച്ച 5,316/- രൂപാ ഡിസ്കൌണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. തുക അനുവദിച്ച് കിട്ടിയ വിവരം രേഖാ മൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് തുടർന്നുള്ള വർഷങ്ങളിൽ പരസ്യം നൽകുമ്പോൾ ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല- നഷ്ടം

വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തീയ്യതി | പത്രം / ഇൻവോയിസ് നം | നല്കിയപരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 22100160 / 28-06-21 | 321000085945 / 31.01.21 മാതൃഭൂമി | 32sq Cm | 260 | 8320 + (Sgst-208+ Cgst-208) = 8736 | 24cm@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5% GST 5304+265= 5569 | 8736-5569 = 3167 |
| | 321000092486/ 15.02.2021 മാതൃഭൂമി | 32sq Cm | 260 | 8320 (Sgst-208 Cgst-208) = 8736 | 24cm@260 =6240 15% ഡിസ്കൗണ്ട്= 936 6240-936 = 5304 +5% GST 5304+265= 5569 | 8736-5569 = 3167 |
| 22100480 / 16-11-21 | 126273844 /10.10.21 മലയാള മനോരമ | 40 Sq Cm | 230 | 9200 (Sgst-230 Cgst-230) = 9660 | 24cm@230 =5520 15% ഡിസ്കൗണ്ട്= 828 5520-828 = 4692 +5% GST 4692+235= 4927 | 9660-4927 =4733 |
| | ആകെ | | | | | 11067/- |

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് നൽകിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 11,067/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. പത്ര സ്ഥാപനങ്ങൾ നല്കിയ

ബിൽ പ്രകാരം ഉള്ള തുക നിർദ്ദിഷ്ട അളവിലുള്ള പരസ്യത്തിനുള്ള തുക എന്ന് കരുതിയാണ് ചെലവഴിച്ചത് എന്നാണ് ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 10.01.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-14) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 11,067/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 ഐ.കെ.എം-ന് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്ടിന്റെ പേര് : ഐ.കെ.എം-ന് വിഹിതം നല്കൽ

പ്രോജക്ട് നം. : 3/2022

അടങ്കൽ : വികസന ഫണ്ട് -60426/-

ചെലവ് : 60426/- (ബിൽ റെഫറൻസ് നം.21060352016200276161 തീയതി.07.08.2021)

നിർവഹണം: സെക്രട്ടറി

തകഴി ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 60426/- രൂപ മേൽ ബിൽ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീയതി.09.01.2023) ലഭ്യമാക്കിയ മറുപടിയിൽ ഐ.കെ.എം-ന്റെ ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകു എന്നറിയിച്ചിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (60426/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

1.പ്രോജക്ട് നം.107/2022

പ്രോജക്ടിന്റെ പേര്: പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ 2021-22

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1696000

ചെലവ്- 1646000/-

ബിൽ നം. 119 തീ.01.01.2022- 1476000/രൂപ (എ.സി.ആർ പ്രകാരം)

ബിൽ നം. 205 തീ.13.03.2022- 59000/രൂപ (എ.സി.ആർ പ്രകാരം)

ബിൽ നം. 206 തീ.13.03.2022 111000/രൂപ (എ.സി.ആർ പ്രകാരം)

2.പ്രോജക്ട് നം.80/2022

പ്രോജക്ടിന്റെ പേര്: പാനം വീട് മുതൽ കുമ്മങ്കോട് സർപ്പക്കാവ് വരെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (എസ്.സി വാർഡ്-1)

അടങ്കൽ-വികസനഫണ്ട്-എസ്.സി.പി- 130000/-രൂപ

ചെലവ്- 130000/-രൂപ

ബിൽ റെഫറൻസ് നം.21060352016201113959 തീ.14.02.2022

തകഴി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എകസ്റ്റൻഷനു വേണ്ടി കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ തിരുവല്ല ഓഫീസിലേയ്ക്ക് മേൽ ബില്ലുകൾ പ്രകാരം 1776000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.09.01.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1776000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 PMAY AWAAS Plus ഭവന പദ്ധതി (എസ്.സി)- തുക വിനിയോഗിക്കപ്പെട്ടില്ല.

പ്രോജക്ട് നം.188/2022

പ്രോജക്ടിന്റെ പേര്: PMAY AWAAS Plus ഭവന പദ്ധതി (എസ്.സി)

അടങ്കൽ-വികസന ഫണ്ട്- എസ്.സി.പി-100000/-രൂപ

ചെലവ്- 100000/-രൂപ

ബിൽ റെഫറൻസ് നം. 21060352015001399225 തീ.21.03.2022

മേൽ ബിൽ പ്രകാരം പി.എം.എ.വൈ ഭവന പദ്ധതിക്കായി 100000/-രൂപ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിരുന്നു. ടി തുകയുടെ വിനിയോഗ വിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീ.09.01.2023) നല്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിൽ ടി തുക ചെലവ് ചെയ്തിട്ടില്ലായെന്നും സാമ്പത്തിക വർഷാവസാനം ഗവണ്മെന്റ് തുക തിരികെ പിടിച്ചു എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടോയെന്ന് അന്വേഷിക്കേണ്ടതും തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ഗുണഭോക്താക്കൾക്ക് നല്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തിരികെ ലഭ്യമായിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം അന്വേഷിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. തൃപ്തികരമായ മറുപടി ലഭ്യമാകുന്നതു വരെ ചെലവ് തുക (100000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് ഭവന നിർമാണം ആദ്യ ഗഡു കൈപ്പറ്റി ഭവന നിർമാണം പൂർത്തീകരിക്കാത്തത്

സംബന്ധിച്ച്.

ലൈഫ് ഭവന നിർമാണ പദ്ധതി പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെയായും ഭവന നിർമാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

1.ജനറൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സുലേഖ , മാരേഴം | 40000 | 26.06.2018 |
| 2 | മോഹൻദാസ്, മുട്ടിത്തറ | 40000 | 03.07.2019 |
| 3 | സിന്ധു, നടുവിലെ വീട് | 40000 | 15.03.2021 |

2.എസ്.സി

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സജിത, പുഷ്പമംഗലം | 40000 | 26.02.2019 |
| 2 | അജിത.കെ.കെ, കരീക്കളം | 40000 | 23.12.2020 |

3.എസ്.സി അഡീഷണൽ ലിസ്റ്റ്

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | അമ്പിളി കിഴക്കേമുറിയിൽ | 40000 | 19.03.2021 |
| 2 | ദീപമോൾ, ദിവ്യഭവനം | 40000 | 19.03.2021 |
| 3 | ഉഷകുമാരി.എസ്, ചാലെക്കരിച്ചിറ | 40000 | 19.03.2021 |
| 4 | അമ്പിളി അഭിജിത്ത് ഭവനം | 40000 | 19.03.2021 |
| 5 | സിന്ധു.സി.എൻ, കുന്നയ്ക്കൽ | 40000 | 19.03.2021 |
| 6 | കൊച്ചുമോൻ.കെ, ചക്കംകരി | 40000 | 19.03.2021 |
| 7 | ലക്ഷ്മി.സി, കണ്ണന്ത്ര | 40000 | 19.03.2021 |
| 8 | സുധർമ, മുക്കട ഹരിജൻ കോളനി | 40000 | 19.03.2021 |

മേൽ ഗുണഭോക്താക്കൾ മാസം ആദ്യ ഗഡു കൈപ്പറ്റിയതിനു ശേഷം ഭവന നിർമാണം മുന്നോട്ട് കൊണ്ടു പോകാത്തതിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 7തീ.09.01.2023) ആദ്യ രണ്ടു പട്ടികയിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം തുടരുന്നില്ലായെന്നും തുക തിരിച്ചടയ്ക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ടെന്നും മൂന്നാം പട്ടികയിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം ഉടനെ ആരംഭിക്കുന്നതാണെന്നും മറുപടി നല്കി. ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്ന സംഗതികളിൽ നിലവിലുള്ള സർക്കാർ നിർദേശ പ്രകാരമുള്ള പലിശ സഹിതം തുക തിരികെ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭവന നിർമാണം പൂർത്തീകരിക്കുവാൻ തത്പരരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപദേശം നല്കി ഭവന നിർമാണം പൂർത്തീകരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 കോവിഡ്-19 പ്രതിരോധം - ഡൊമിസിലിയറി കെയർ സെന്റർ ചെലവുകൾ- അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല.

പ്രോജക്ടിന്റെ പേര് : കോവിഡ്-19 പ്രതിരോധം - ഡൊമിസിലിയറി കെയർ സെന്റർ ചെലവുകൾ

പ്രോജക്ട് നം. : 115

അടങ്കൽ : വികസന ഫണ്ട് -200000/-രൂപ

ചെലവ് : 200000/- (ബിൽ റെഫറൻസ് നം.21060352016200239590 തീയതി.27.07.2021)

നിർവഹണം: സെക്രട്ടറി

തകഴി ഗ്രാമ പഞ്ചായത്തിലെ ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തന ചെലവുകളിലേക്കായി മേൽ ബിൽ പ്രകാരം 200000/-രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നോഡൽ ഓഫീസറായ രാജീവ്.പി-യുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൌണ്ടിലേയ്ക്ക് (വിജയ ബാങ്ക് അക്കൌണ്ട് നം.813101000055550) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുകയിൽ 166201/-രൂപ ചിലവഴിച്ചതിനു ശേഷം 33799/-രൂപ പ്രസ്തുത അക്കൌണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. ഡൊമിസിലിയറി കെയർ സെന്ററുകളുടെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ അവശേഷിക്കുന്ന തുക വികസന ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.09.01.2023) തുക തിരിച്ചടച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി. തുക തിരിച്ചടച്ച് രേഖകൾ ഹാജരാക്കുന്നതു വരെ 33799/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക പെരുകുന്നു.

കേരള വാട്ടർ അതോറിറ്റി തിരുവല്ല ഓഫീസിൽ നിന്നും സാമ്പത്തിക വർഷാദ്യം നല്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം (നം.51375 തീ.16.04.2021) പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയിനത്തിൽ 23315065/-രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. കുടിശ്ശിക തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2% ഫൈൻ ചുമത്തി വരുന്നുണ്ട്. തൻ വർഷം വാട്ടർ അതോറിറ്റി ഫൈൻ ഇനത്തിൽ 6188844/-രൂപ ഫൈൻ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം. തീ | കുടിശ്ശിക | ഫൈൻ |
|---|---|---|---|
| 1 | 51375/16.04.2021 | 23315065 | 457274 |
| 2 | 52449/20.05.2021 | 23772339 | 466301 |
| 3 | 53404/17.06.2021 | 24382437 | 478323 |
| 4 | 54280/ 14.07.2021 | 24860760 | 487649 |
| 5 | ലഭ്യമാക്കിയില്ല | 25364050 | 497215 |
| 6 | 56160/ 17.09.2021 | 25858369 | 507281 |
| 7 | 57023/18.10.2021 | 26525068 | 520356 |
| 8 | 57929/19.11.2021 | 26886006 | 527313 |
| 9 | 58793/16.12.2021 | 27572737 | 540908 |
| 10 | 59830/ 20.01.2022 | 28273063 | 554643 |
| 11 | 60678/16.02.2022 | 28987124 | 568650 |
| 12 | 61764/21.03.2022 | 29715192 | 582931 |
| | ആകെ | | 6188844 |

ഭീമമായ കുടിശ്ശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ആദായ നികുതി,ജി.എസ്.ടി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല

2021-22 സാമ്പത്തിക വർഷം തകഴി ഗ്രാമ പഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകിയപ്പോൾ ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. 2017ലെ ജി.എസ്.ടി നിയമം സെക്ഷൻ51 പ്രകാരം 2% ജി.എസ്.ടി യും ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, വർക്ക് കോഡ് | കരാറുകാരൻ | നൽകിയ തുക | ഈടാക്കേണ്ട ജി.എസ്.ടി | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|
| 1 | 28 ൽ പാലം മുതൽ മണ്ണട കോളനി റോഡ് കോൺക്രീറ്റിംഗ് -294256 | കെ.കെ.വർക്കി | 411819 | 8236 | 4118 |
| ആകെ | | | | 8236 | 4118 |
| 2 | തോട്ടായിക്കരി വടക്കേബണ്ട് സംരക്ഷണം -352660 | ജിജി മാത്യു | 366662 | 7334 | 3667 |
| | 352661 -എഴുന്നൂറുംപാടം പുറം ബണ്ട് സംരക്ഷണം | | 352470 | 7050 | 3525 |
| | 352995- എഴുന്നൂറുംപാടം മോട്ടോർ തറ മുതൽ മൂലയിൽ പാലം വരെ ബണ്ട് സംരക്ഷണം | | 323895 | 6478 | 3239 |
| | 266542 -ഇരുപത്തഞ്ചിൽ മനോഹരന്റെ വീട് മുതൽ റോഡ് കോൺക്രീറ്റിംഗ് | | 325957 | 6520 | 3260 |
| | 296372-തട്ടാരുപറമ്പ് മുതൽ റെയിൽവേലൈൻ വരെ റോഡ് കോൺക്രീറ്റിംഗ് | | 421361 | 8428 | 4214 |
| | 352458- വായനശാല പട്ടത്താനം റോഡ് | | 260000 | 5200 | 5200 |
| | 29455-തണ്ടാംപറമ്പ് പാലം മുതൽ വാലാതറ റോഡ് | | 366749 | 7334 | 3667 |
| | 298030- ദേവകി സദനം മുതൽ കിഴക്കോട്ട് റോഡ് കോൺക്രീറ്റിംഗ് | | 410979 | 8220 | 4110 |
| | 300380,- 107 നമ്പർ അംഗനവാടി മുതൽ കുറങ്ങാട് വരെ റോഡ് കോൺക്രീറ്റിംഗ് | | 411561 | 8232 | 4116 |
| ആകെ | | | | 64796 | 34998 |

| | | | | | |
|---|---|---|---|---|---|
| 3 | 294277-പാനം വീട്ടു മുതൽ വെൻതുരുത്തിപ്പറമ്പ് വരെറോഡ് | സിസിൽ മാത്യൂ | 371759 | 7436 | 3718 |
| | 296368- വാര്യത്ത് കുട്ടന്തറ റോഡ് | | 41672 | 8214 | 4107 |
| | 367144- പാരിഷ് ഹാൾ മുതൽ വടക്കോട്ട് മോട്ടോർതറവരെ ബണ്ട് സംരക്ഷണം | | 288874 | 5778 | 2889 |
| | 331864 -റെയിൽവേലൈൻ മുതൽ ക്ലലിപ്പറമ്പ് വരെ റോഡ് നിർമ്മാണം | | 385434 | 7708 | 3854 |
| | 331866- ശിവമംഗലം മുതൽ കാട്ടിൽ പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ് | | 258647 | 5172 | 2586 |
| | ആകെ | | | 34308 | 17154 |
| 4 | 350570- ചിറയിൽ മുതൽ കാട്ടിൽ പുത്തൻപുരവരെ റോഡ് | സുരേഷ് കുമാർ | 412902 | ജി.എസ്.ടി ഒടുക്കിയിട്ടുണ്ട്. | 4129 |
| | 327408- ഡീസന്റ് റോഡിൽ നിന്നും കിഴക്കോട്ട് പുളിത്ര വരെ റോഡ് | | 267655 | | 2677 |
| | ആകെ | | | | 6806 |
| 5 | 295703-ചെമ്പകശ്ശേരി പാലം മുതൽ തെക്കേ കണ്ണന്താനം വരെ റോഡ് | ബിന്ദു.കെ | 380511 | ജി.എസ്.ടി ഒടുക്കിയിട്ടുണ്ട് | 3805 |
| | 300968-മൂഞ്ഞനാട് മുതൽ മുല്ലശ്ശേരി വരെ റോഡ് | | 342794 | | 3428 |
| | 352956-ചിറയകം മുതൽ പുതുപ്പറമ്പ് വരെ ബണ്ട് സംരക്ഷണം | | 572665 | | 5727 |
| | 367143- തകഴി പടിഞ്ഞാറെ പാടം പുറം ബണ്ട് | | 299851 | | 2999 |
| | 313555- പുറത്തേപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | | 295710 | | 2957 |
| | 330810- കട്ടപ്പുറം റോഡ് കോൺക്രീറ്റിംഗ് | | 313198 | | 3132 |
| | 330141- തോട്ട് വേലി മുതൽ ചിറയിൽ വരെ റോഡ് കോൺക്രീറ്റിംഗ് | | 346780 | | 3468 |
| | 330106- അമ്പതിൽചിറ മുതൽ ഹൃദയരാഗം വരെ റോഡ് കോൺക്രീറ്റിംഗ് | | 252484 | | 2525 |
| | കൃഷ്ണവിലാസം മുതൽ ആഞ്ഞിലിവേലിൽ വരെ റോഡ് കോൺക്രീറ്റിംഗ് | | 395322 | | 3953 |
| | 330148- നാലുപറ മുതൽ കിഴക്കേമൂല വരെ റോഡ് കോൺക്രീറ്റിംഗ് | | 252457 | | 2525 |
| | 367041- പുലക്കാടൻ തറ മുതൽ പുത്തൻപറമ്പ് വരെ സംരക്ഷണഭിത്തി | | 288940 | | 2889 |
| | 330146- ചിറയിൽ മുതൽ കാഞ്ഞിരങ്ങാട് വരെ റോഡ് കോൺക്രീറ്റിംഗ് | | 399655 | | 3997 |
| | 330150- ചാലുതറ മുതൽ പുത്തൻ പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ് | | 399641 | | 3996 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 45401 |
| | ആകെ മൊത്തം | | | 107340 | 108477 |

മേൽക്കാണിച്ചിട്ടുള്ള വിധം ആദായ നികുതി, ജി.എസ്.ടി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/10.1.23) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തുക ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം ആദായ നികുതി, ജി.എസ്.ടി എന്നിവ ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

തകഴി ഗ്രാമപഞ്ചായത്തിൽ 2021-22ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. കൂടാതെ ആയതിന്റെ ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18%ജി.എസ്.ടിഉൾപ്പെടെ 281രൂപ നിരക്കിൽ ഈടാക്കിയ തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|
| 1 | 132/22 കളത്തിൽപാലം പടിഞ്ഞാറെക്കര മുതൽ ജ്യോതി ഭവനം വരെ റോഡ് ടാറിംഗ് | ജിജിമാത്യു (വികസന ഫണ്ട് ജനറൽ) | 7ബാരൽ | 1967 | 15/14.1.22 |
| 2 | 131/22 തോണിക്കടവ് പുത്തൻപറമ്പ് കിഴക്കേയറ്റം വരെ റോഡ് ടാറിംഗ് | കെ.കെ. വർക്കി (വികസന ഫണ്ട് ജനറൽ) | 9ബാരൽ | 2529 | 1/1.10.21 |
| 3 | 123/22 കാഞ്ചിക്കൽ സിബിയുടെ വീട്ടുമുതൽ പാട്ടത്തിൽ ചിറ വരെ റോഡ് ടാറിംഗ് | കെ.കെ. വർക്കി (വികസന ഫണ്ട് ജനറൽ) | 7ബാരൽ | 1967 | 3/1.10.21 |
| 4 | 129/22 ചെത്തിക്കളം പാലം വെല്ലിശ്ശേരി പാലം റോഡ് ടാറിംഗ് | കെ.കെ. വർക്കി (വികസന ഫണ്ട് ജനറൽ) | 1ബാരൽ | 281 | 2/1.10.21 |
| 5 | 128/22 മെതിക്കളത്തിൽ പാലം മുതൽ27ൽ പാലം വരെ റോഡ് ടാറിംഗ് | ജിജി മാത്യു. മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12ബാരൽ | 3372 | 13/14.1.22 |
| 6 | 127/22 വെൺമേലിൽ വീട് മുതൽ പാട്ടത്തിൽ ചിറ വരെ റോഡ് ടാറിംഗ് | കെ.കെ. വർക്കി മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8ബാരൽ | 2248 | 14/14.1.22 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/9.1.23) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള വിധം നികുതിയുൾപ്പെടെ കാലിവീപ്പയുടെ വിലയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിൽ നിന്നും കാലിവീപ്പവിലയും ജി.എസ്.ടിയും പ്രത്യേകം കണക്കാക്കി യഥാക്രമം അതത് ഫണ്ടിലേക്കും ബന്ധപ്പെട്ട വകുപ്പിലേക്കും ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-24 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ - 104/22

സുജലം പദ്ധതി- കളത്തിൽ പാലം തോട് ആഴം കൂട്ടി സൈഡ് കല്ല് കെട്ടൽ

അടങ്കൽ- 11,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

പി.എ.സി- 800456.00

കരാറുകാരൻ - ശ്രീമതി. മഞ്ജു.കെ.നായർ

എഗ്രിമെന്റ് നമ്പർ 23/AE/LSGD/ 22.11.2021

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 13.10.2021 ൽ ആണ്. ഇത് പ്രകാരം 27.10.21നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 23.11.2021 ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2009.6പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14ദിവസത്തിനുള്ളിൽ എഗ്രിമെന്റ് ഫൈനില്ലാതെയും തുടർന്ന് 10ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/10.1.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഫൈൻ ഇനത്തിലുണ്ടായ നഷ്ടം 8004/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-25 പ്രോജക്ട് ഭാഗികമായി അവസാനിപ്പിച്ച നിലയിൽ

പ്രോജക്ട് നമ്പർ - 122/22

തെക്കുംമുറി മുതൽ രമണന്റെ വീട് വരെ റോഡ് ഇന്റർലോക്ക്- വാർഡ് 10

അടങ്കൽ- 40,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ് )

കരാറുകാരൻ - ശ്രീ.അരുൺ സാബു, മുക്കാട്ടുചിറ, അളവ് പുസ്തകം- 50/AEE/TKXHY

എഗ്രിമെന്റ് നമ്പർ 8/AE/LSGD/ 4.09.2019

2029-20ൽ 74/2020 നമ്പരായി ഏറ്റെടുത്ത് എഗ്രിമെന്റ് വെച്ചിട്ടും നടപ്പിലാക്കാതെ 2021-22ൽ നടപ്പിലാക്കിയതുമായ ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അളവിൽ ഇന്റർ ലോക്ക് ബ്ലോക്ക് വിരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്.

1x27x1.5 = 40.5$m^2$

1x5x1.2=6$m^2$ ആകെ 46.5$m^2$, 60mmഇന്റർ ലോക്ക് വിരിക്കൽ. എന്നാൽ ഫയൽ പരിശോധിച്ചതിൽ ആകെ 4 മാസം മാത്രം പൂർത്തീകരണ കാലാവധിയുണ്ടായിരുന്ന ഈ പ്രവർത്തി നിശ്ചിതസമയത്ത് ആരംഭിക്കുകപോലും ചെയ്യാതെ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് എഴുതി നൽകിയ തിയതിപോലും രേഖപ്പെടുത്താത്ത അപേക്ഷയിൽ പ്രസ്തുത സ്ഥലം സംബന്ധിച്ച് തർക്കം നിലനിന്നിരുന്നെന്നും 2022 മാർച്ച് ആദ്യവാരമാണ് തർക്കം പരിഹരിച്ച് തന്നതെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രോജക്ട് സ്ഥലത്ത് തർക്കം നിലനിൽക്കുന്നതായോ ആയത് പരിഹരിച്ച് തരണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതായോ ഫയലിൽ രേഖപ്പെടുത്തലുകളില്ല. പ്രവർത്തിയുടെ അളവ് പുസ്തകം പ്രകാരം 1x6.75x1.35 = 9.11$m^2$ മാത്രം (അതായത് 6.75 മീറ്റർ മാത്രം) പ്രവർത്തി നടപ്പിലാക്കി പ്രോജക്ട് അവസാനിപ്പിച്ചിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ഭാഗികമായി പദ്ധതി അവസാനിപ്പിക്കാനുണ്ടായ കാരണം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/10.1.23) ലഭ്യമാക്കിയ മറുപടിയിൽ റോഡിന്റെ അവസാന ഭാഗത്ത് വഴി സംബന്ധിച്ച് തർക്കം കോടതിയിൽ നിലനിൽക്കുന്നതിനാലാണ് പദ്ധതി അവസാനിപ്പിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കേണ്ട സൈറ്റ് സംബന്ധിച്ച് തർക്കം നിലനിന്നിരുന്നുവെങ്കിൽ ആയതുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തർക്കരഹിതമായി മാത്രമാണ് കരാറുകാരന് സൈറ്റ് കൈമാറേണ്ടതെന്നിരിക്കെ പദ്ധതി ഭാഗികമായി മാത്രം അവസാനിപ്പിച്ചത് സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് ഭരണ സമിതിക്ക് ശുപാർശ ചെയ്യുന്നു.

## 1-26 മുക്കട കോളനി ഓട നിർമ്മാണം - അപാകതകൾ

പ്രോജക്ട് നമ്പർ - 136/22

മുക്കട കോളനി ഓട നിർമ്മാണം

അടങ്കൽ- 370,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - 346840.00

കരാറുകാരൻ - ശ്രീ.സുരേഷ് കുമാർ, അളവ് പുസ്തകം- 24/AEE/TKXHY

എഗ്രിമെന്റ് നമ്പർ 34/AE/LSGD/ 29.01.2021, ബിൽ നമ്പർ- 46/27.3.22

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ വിവിധ ആഴത്തിൽ 46.20മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും 27.05m3 ചെയ്തിട്ടുണ്ട്. രണ്ടാമിനമായി 46.20x1x0.10 അളവിൽ ഡ്രെയിൻ ഫൗണ്ടേഷൻ പി.സി.സി ചെയ്തിട്ടുണ്ട്. മൂന്നാമിനമായി 1:2.5:5അനുപാതത്തിൽ സിമന്റ് കോൺക്രീറ്റുപയോഗിച്ച് സൈഡ് വാൾ താഴെപറയുന്ന അളവിലും ചെയ്തിട്ടുണ്ട്.

| | |
|---|---|
| 2x10x0.20x0.5 | 9.6m3 |
| 2x10x0.20x(0.5+0.55)/2 | |

| |
|---|
| 2x10x0.20x(0.55+0.60)/2 |
| 2x10x0.20x(0.6+0.68)/2 |
| 2x2.5x0.20x(0.68+0.7)/2 |

മേൽ സൂചിപ്പിച്ചവിധം സൈഡ് വാൾ 0.20മീറ്റർ വീതിയിൽ 42.5മീറ്റർ നീളത്തിൽ ചെയ്തിട്ടുണ്ട്. കൂടാതെ നാലാമിനമായി 1:2:4 അനുപാതത്തിൽ വിയറിംഗ് കോട്ട് 46.2x0.40x0.05= 0.92m3ചെയ്തിട്ടുണ്ട്. 3.7മീറ്റർ നീളത്തിലുള്ള ക്രോസ് വാളിന്റെ നീളമുൾപ്പെടെയാണ് 46.2മീറ്റർ നീളത്തിൽ എസ്കവേഷനം രണ്ടാമിനമായി 46.20x1x0.10 അളവിൽ ഡ്രെയിൻ ഫൗണ്ടേഷൻ പി.സി.സി ചെയ്തിട്ടുള്ളത്. എന്നാൽ ഇത് കണക്കിലെടുക്കാതെ അഞ്ചാമിനമായി ക്രോസ് ഡ്രെയിൻ ബെഡ് കോൺക്രീറ്റിംഗ് 1:3:6 അനുപാതത്തിൽ വീണ്ടും (1x3.7x1x0.10) ചെയ്തതായി അളവ് പുസ്തകം പുറം 7ൽ രേഖപ്പെടുത്തി 8899.19/m3നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. അതായത് 0.37$m^3$ ന് 8899.19/m3നിരക്കിൽ 3292/- രൂപ അധികം നൽകി.

കൂടാതെ മേൽ സൂചിപ്പിച്ച അളവുകളിൽ നിന്നും 1 മീറ്റർ വീതിയിൽ ബെഡ് കോൺക്രീറ്റിംഗ് ചെയ്തതിൽ ഇരുവശവും 0.20 മീറ്റർ വീതിയിൽ സൈഡ് വാൾ ചെയ്യുകയും കാനയുടെ ഉൾവശം 0.40 മീറ്റർ വീതിയിൽ വിയറിംഗ് കോട്ടും ചെയ്തതിൽ നിന്നും ഇരുവശവും 0.10മീറ്റർ വീതം ഓഫ് സെറ്റ് നൽകിയശേഷമാണ് സൈഡ് വാൾ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ കാനയുടെ മുകൾ ഭാഗത്തെ ആകെ വീതി 0.80മീറ്റർ മാത്രമേ വരുകയുള്ളൂ. എന്നാൽ അഞ്ചാമിനമായി പുറം 14 പ്രകാരം കവറിംഗ് സ്ലാബ് നിർമ്മിച്ചിട്ടുള്ളതിന്റെ അളവ് താഴെ ചേർക്കുന്നു.

92x1x0.50x0.12= 5.52m3

മേൽ ഇനത്തിന് 8898.19/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. കാനയുടെ മുകൾ ഭാഗത്തെ വീതിയേക്കാൾ അധികം വീതിയിൽ കവറിംഗ് സ്ലാബ് നിർമ്മിച്ചതായി കാണുന്നു. മേൽ സൂചിപ്പിച്ചവിധം കവറിംഗ് സ്ലാബ് നിർമ്മിക്കാവുന്ന അളവ് ചുവടെ ചേർക്കുന്നു.

92x0.80x0.50x0.12= 4.41$m^3$ · ഇപ്രകാരം കവറിംഗ് സ്ലാബ് അധിക വീതിയിൽ ചെയ്തത് മൂലമുണ്ടായ അധികചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | കവറിംഗ് സ്ലാബ് നിർമ്മിച്ച അളവ് | | കവറിംഗ് സ്ലാബ് നിർമ്മിക്കാവുന്ന അളവ് | | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|---|---|
| സിമന്റ് കോൺക്രീറ്റ് കവറിംഗ് സ്ലാബ് | 92x1x0.50x0.12= 5.52$m^3$ | | 92x0.80x0.50x0.12= 4.41$m^3$ | | 5.52$m^3$ X 8898.19/$m^3$ =49118/- | 4.41$m^3$ X 8898.19/$m^3$ =39241/- | 9877/- |
| സപ്ലൈയിംഗ് & ഫിറ്റിംഗ് TMT സ്റ്റീൽ ബാർ | 12mm | 92x5x0.90x0.888= 367.63kg | 12mm | 92x5x0.75x0.888= 306.36kg | 483.91kg X77044.87/T =37283 | 422.64kgx77044.87/T =32562 | 4721/- |
| | 8mm | 92x8x0.40x0.395= 116.28kg | 8mm | 92x8x0.40x0.395= 116.28kg | | | |
| | ആകെ | 483.91kg | ആകെ | 422.64kg | | | |
| ആകെ | | | | | | | 14598/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/10.1.23) ലഭ്യമാക്കിയ മറുപടിയിൽ പമ്പാ നദിയുടെ കൈവഴി ഒഴുകുന്ന പുഴയുടെ സൈഡിലാണ് കോളനിയെന്നും അതിനാൽ റാഫ്റ്റ് ഫൗണ്ടേഷൻ നൽകി അതിന് മുകളിലാണ് അബട്ട്മെന്റ് നിർമ്മിച്ചതെന്നുമാണ്. എന്നാൽ ഈ മറുപടി കാനയുടെ മുകൾ ഭാഗത്തെ വീതിയേക്കാൾ കൂടിയ നീളത്തിൽ കവറിംഗ് സ്ലാബ് നിർമ്മിച്ചതിനെ സാധൂകരിക്കുന്നതല്ലെന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആകയാൽ മേൽ സൂചിപ്പിച്ചവിധം 12% ജി.എസ്.ടി (2147) ഉൾപ്പെടെ ആകെ അധികം നൽകിയ (3292+14598+2147), 20037/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-27 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന്റെ ബിൽ സൂക്ഷിക്കുന്നില്ല.

കട്ടപ്പുറം കോളനി റോഡ് കോൺക്രീറ്റിംഗ്

RC/330810

കരാറുകാരൻ -ശ്രീ. ബിനു.കെ കളപ്പുരക്കൽ

ഈ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവർത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ ഒറിജിനൽ ബില്ലുകളോ പകർപ്പുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പകരം കരാറുകാരന്റെ ജി.എസ്.ടി നമ്പർ രേഖപ്പെടുത്തിയിട്ടുള്ള പേയ്മെന്റ് വൗച്ചർ (നമ്പരോ തിയതിയോ രേഖപ്പെടുത്താതെ) മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഇതുപോലെതൻവർഷം നടപ്പിലാക്കിയിട്ടുള്ള മറ്റ് ക്യാപ്പിറ്റൽ വർക്കുകൾക്കും മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരും മേൽ സൂചിപ്പിച്ചവിധം സ്വന്തം ജി.എസ്.ടി നമ്പർ രേഖപ്പെടുത്തി സ്വന്തം പേരിലുള്ള വൗച്ചറാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള മെറ്റീരിയലുകളുടെ നമ്പർ രേഖപ്പെടുത്താത്ത പേയ്മെന്റ് വൌച്ചറുകളിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത ഏജൻസിയുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും അതിൽ കരാറുകാരുടെ ജി.എസ്.ടി നമ്പറാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സിമന്റിന്റെ പോലും ഒറിജിനൽ ബില്ലോ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/10.1.23) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർ ബൾക്കായി മെറ്റീരിയൽ വാങ്ങി സൂക്ഷിച്ചശേഷം ഓരോ വർക്കിനും ആവശ്യമായ മെറ്റീരിയൽ മാത്രമാണ് അതത് സൈറ്റുകളിലേക്ക് സപ്ലൈ ചെയ്യുന്നതെന്നാണ് അറിയുവാൻ കഴിഞ്ഞതെന്ന് അറിയിച്ചിരിക്കുന്നു. മറുപടിയിൽ സൂചിപ്പിച്ചവിധമാണ് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതെങ്കിൽ കരാറുകാർ ബൾക്കായി സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലോ/പകർപ്പോ വാങ്ങി അതിൽ നിന്നും പ്രസ്തുത വർക്കിനാവശ്യമായ അളവ് മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ളതാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതായ ജി.എസ്.ടി ഒടുക്ക് വരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നടത്തിപ്പിലെ അപാകതകൾ

ചാലുതറ മുതൽ പുത്തൻപറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്

RC/330150, അളവ് പുസ്തകം 284/21-22

മെറ്റീരിയൽ സപ്ലൈ കരാറുകാരൻ -ശ്രീ. ബിനു.കെ കളപ്പുരക്കൽ

ഈ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം 140മീറ്റർ നീളത്തിൽ 0.30 മീറ്റർ വീതിയിൽ സൈറ്റ് ക്ലിയർ ചെയ്ത് അതേ അളവിൽതന്നെ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ളത്. അളവ് പുസ്തകം പുറം 2 പ്രകാരം ഒന്നാമിനമായി സൈറ്റ് ക്ലിയറിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

4x30x3 =360m$^2$

1x20x3= 60m$^2$ ആകെ 420m$^2$ ഇതേ അളവിൽ തന്നെ സർഫസ് ഡ്രെസ്സിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ രണ്ടാമിനമായി ഫില്ലിംഗ് വിത്ത് ക്വാറി മക്ക് എന്ന പ്രവർത്തി 150 മീറ്റർ നീളത്തിൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാമിനം പ്രവർത്തി ചെയ്തതിനേക്കാൾ കൂടുതൽ നീളത്തിൽ രണ്ടും മൂന്നുമിനങ്ങൾ ചെയ്യുവാൻ സാധിക്കില്ലയെന്നിരിക്കെ അധിക നീളത്തിൽ പ്രവൃത്തി ചെയ്തതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | ചെയ്യാവുന്ന അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| ഫില്ലിംഗ് വിത്ത് ക്വാറി മക്ക് | 30x3x0.15=13.5 | 30x3x0.15=13.5 | 62.16m$^3$x@ 1313.148/m$^3$ = 81625/- | 58.11m$^3$ X@ 1313.148/m$^3$ =76307/- | 5318 |
| | 30(3+2.7)/2x0.14=11.97 | 30(3+2.7)/2x0.14=11.97 | | | |
| | 30(2.8+2.7)/2x0.16=13.2 | 30(2.8+2.7)/2x0.16=13.2 | | | |
| | 30(2.6+2.8)/2x0.14=11.34 | 30(2.6+2.8)/2x0.14=11.34 | | | |
| | 30(2.6+2.8)/2x0.15=12.15 | 20(2.6+2.8)/2x0.15=8.1 | | | |
| | ആകെ =62.16m$^3$ | ആകെ =58.11m$^3$ | | | |
| സിമന്റ് കോൺക്രീറ്റ് 1:4:8 | 30x3x0.10=9.00 | 30x3x0.10=9.00 | 42m$^3$ X @ 5872.72/m3 = 246654/- | 39.3m$^3$ X @ 5872.72/m3 = 230798/- | 15856 |
| | 30(3+2.7)/2x0.10=8.55 | 30(3+2.7)/2x0.10=8.55 | | | |
| | 30(2.8+2.7)/2x0.10=8.25 | 30(2.8+2.7)/2x0.10=8.25 | | | |
| | 30(2.6+2.8)/2x0.10=8.10 | 30(2.6+2.8)/2x0.10=8.10 | | | |
| | 30(2.6+2.8)/2x0.10=8.10 | 20(2.6+2.8)/2x0.10=5.40 | | | |
| | ആകെ =42m$^3$ | ആകെ =39.3m$^3$ | | | |
| സിമന്റ് കോൺക്രീറ്റ് 1:2:4 | 30x3x0.05=4.5 | 30x3x0.05=4.5 | 21m$^3$ X @ 7066.67/m3 = 148400/- | 19.65m$^3$ X @ 7066.67/m3 = 138860/- | 9540 |
| | 30(3+2.7)/2x0.05=4.275 | 30(3+2.7)/2x0.05=4.275 | | | |
| | 30(2.8+2.7)/2x0.05=4.125 | 30(2.8+2.7)/2x0.05=4.125 | | | |
| | 30(2.6+2.8)/2x0.05=4.05 | 30(2.6+2.8)/2x0.05=4.05 | | | |
| | 30(2.6+2.8)/2x0.05=4.05 | 20(2.6+2.8)/2x0.05=2.7 | | | |
| | ആകെ =21m$^3$ | ആകെ =19.65m$^3$ | | | |
| ആകെ | | | | | 30714 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (23/11.1.23) ലഭ്യമാക്കിയ മറുപടിയിൽ 10മീറ്റർ ഭാഗം സൈറ്റ് ക്ലിയറൻസും സർഫസ് ഡ്രെസിംഗും ആവശ്യമില്ലാത്തവിധം ക്ലിയറായിരുന്നതിനാലാണ് ഈയിനങ്ങൾ ചെയ്യാതിരുന്നതെന്നറിയിച്ചിരിക്കുന്നു. എന്നാൽ എസ്റ്റിമേറ്റെടുക്കുന്ന സമയത്ത് തന്നെ ഇപ്രകാരം ക്ലിയറൻസ് ആവശ്യമില്ലാത്ത ചെയിനേജ് ബോധ്യപ്പെടുമെന്നതിനാൽ ആയത് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തന്നെ രേഖപ്പെടുത്തി അതിനനുസരിച്ച് 140 മീറ്റർ നീളത്തിൽ സൈറ്റ് ക്ലിയറൻസും സർഫസ് ഡ്രെസിംഗും 150 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികനുമതി വാങ്ങേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരമൊരു എസ്റ്റിമേറ്റ് റിപ്പോർട്ടോ തദനുസൃതമായ എസ്റ്റിമേറ്റോ തയ്യാറാക്കാതെ അംഗീകൃത എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രവൃത്തി നടപ്പിലാക്കുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതിരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ളവിധം ആകെ അധികം നൽകിയിട്ടുള്ള 30714/- രൂപയിൽ മെറ്റീരിയൽ ഇനത്തിലും സ്കിൽഡ് ലേബർ, സെമി സ്കിൽഡ് ലേബർ, അൺസ്കിൽഡ് ലേബർ എന്നീയിനങ്ങളിൽ ആനുപാതികമായി അധികം നൽകിയിട്ടുള്ള തുക പ്രത്യേകം കണക്കാക്കി ബന്ധപ്പെട്ട കരാറുകാർ, തൊഴിലാളികൾ എന്നിവരിൽ നിന്നോ നഷ്ടോത്തരവാദിയായ എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. ഈ പ്രവർത്തി 2021-22ൽ തന്നെ പൂർത്തിയാക്കി എഫ്.ടി.ഒ ജനറേറ്റ് ചെയ്തിരുന്നെങ്കിലും ആയത് റിജക്ഷനാവുകയും പിന്നീട് 23.7.2022ൽ ആണ് എഫ്.ടി.ഒ റീജനറേറ്റ് ചെയ്ത് ബിൽ മാറിയതെന്നതിനാൽ റിപ്പോർട്ടിൽ ഭാഗം 4ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ

പ്രോജക്റ്റ് നമ്പർ 85/22, അടങ്കൽ- 500000/- (എസ്.സി.പി)

ചെലവ്- 493004/-രൂപ ബിൽ നമ്പർ 2/21.1.22

തകഴി ഗ്രാമ പഞ്ചായത്തിൽ തൻവർഷം ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര നൽകൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ആകെ 100 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും സ്റ്റീൽ മേശ, കസേര എന്നിവ വാങ്ങിയതിന് ബിൽ നമ്പർ 2/21.1.22പ്രകാരം 493004/-രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ14.2.18 ഖ.7.2.7) പ്രകാരം ഈ ആനുകൂല്യം ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരു തവണ മാത്രമേ നൽകാവൂ എന്നും പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളവർ അർഹരല്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം വാങ്ങിസൂക്ഷിച്ചില്ല. ആയത് സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/9.1.23) ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതിക്ക് വേണ്ട് തെരഞ്ഞെടുത്ത കുട്ടികൾക്ക് പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ തന്നെ അവകാശപ്പെട്ടിരിക്കുന്നു. ഇത് അംഗീകരിക്കാവുന്നതല്ല. ബന്ധപ്പെട്ട വകുപ്പിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യ നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

കൂടാതെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 22.9.21 ലെ രണ്ടാം നമ്പർ തീരുമാനം എന്ന് രേഖപ്പെടുത്തി- എച്ച്.എം. നടപ്പിലാക്കുന്ന 85/22 പ്രോജക്ടിന് മേശ, കസേര എന്നീ സാധനങ്ങൾ തിരുവല്ല സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചു എന്ന് ടൈപ്പ് ചെയ്തതിന്റെ ശരി പകർപ്പ് എന്നെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ പ്രസ്തുത തിയതിയിലോ അതിനുശേഷമോ ഇത്തരമൊരു തീരുമാനം പ്രൊക്യൂർമെന്റ് കമ്മിറ്റി കൈക്കൊണ്ടിട്ടുള്ളതായി രേഖപ്പെടുത്തലുകളില്ല.

മേൽ പ്രവർത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ പെർഫോമ ഇൻവോയിസുകൾ പ്രകാരമുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഇനം | നിരക്ക് | 18% GSTഉൾപ്പെടെ |
|---|---|---|---|---|
| 1. | സിഡ്കോ തിരുവല്ല | Steel Table With One Draw One Cupboard 90x45x75, 22g | 3488 | 4930 |
| | | Steel Cushioned Chair | 690 | |
| 2 | ARTCO | Steel Table With One Draw One Cupboard 36”x18”x30”, 22g | 3613.16 | 4750 |
| | | Steel Chair Cushion Set And Back | 1136.34 | |
| 3 | കാഡ്കോ | മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ടിനങ്ങൾക്കുമായി ജി.എസ്.ടിയുൾപ്പെടെ | - | 4980/- |
| 4 | ടോപ്മോസ്റ്റ് ഫർണിച്ചർ പത്തനാപുരം | അളവുകൾ രേഖപ്പെടുത്താതെ | - | 4661/- |

ഇതിൽ അളവുകൾ രേഖപ്പെടുത്താത്തതിനാൽ ടോപ്മോസ്റ്റ് ഫർണിച്ചർ പത്തനാപുരം എന്ന സ്ഥാപനത്തെ ഒഴിവാക്കിയാലും താരതമ്യേന കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ARTCO യെ ഒഴിവാക്കിയതിന്റെ കാരണങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ARTCO യെ ഒഴിവാക്കിയത് മൂലം (4930-4750= 180) ഒരു ജോഡിക്ക് 180/- വീതം ആകെ 100ജോഡിക്ക് 18000/-രൂപ അധികം ചെലവായി.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷനുകൾ- ഗുണമേന്മയുള്ളതും വിലക്കുറവുള്ളതുമായത് തെരഞ്ഞടുത്തു നൽകണമെന്ന് കാണിച്ച് സെക്രട്ടറിക്ക് കത്തും ക്വട്ടേഷൻ പകർപ്പും സമർപ്പിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സിഡ്കോ ഗവൺമെന്റ് സ്റ്റാഫ് ആണ് ക്വട്ടേഷൻ വെച്ചിട്ടുള്ളതെന്നും ബാക്കി ക്വട്ടേഷനുകൾ ഏജന്റുമാരുടേതും പ്രൈവറ്റുമൊക്കെയാണെന്ന് പഞ്ചായത്തിൽ നിന്ന് അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രൊക്യൂർമെന്റ് കമ്മറ്റി കൈക്കൊണ്ടിട്ടില്ലാത്ത തീരുമാനം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുക വഴി കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കുവാനും അധികചെലവിനിടയാകുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനും ആയത് ഒഴിവാക്കപ്പെടണമെങ്കിൽ വ്യക്തമായ കാരണം രേഖപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് പൂർണ്ണ ഉത്തരവാദിത്തമുണ്ടെന്നിരിക്കെ ആയത് രേഖപ്പെടുത്താതെ ചുമതല കൃത്യമായി നിർവ്വഹിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥയും ഒരുപോലെ ഉത്തരവാദികളാണെന്നതിനാൽ മേൽ സൂചിപ്പിച്ചവിധം അധികം ചെലവഴിച്ച 18000/-രൂപ നഷ്ടോത്തരവാദികളായ പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചവിധം അധികം ചെലവഴിച്ച 18000/-രൂപ കിഴിച്ച് മേൽ സൂചിപ്പിച്ചിട്ടുള്ളവിധം ബന്ധപ്പെട്ട വകുപ്പിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യ നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ബാക്കി തുകയായ (493004-18000), 475004രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 12,500/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | കൃഷ്ണ ഗീതം ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2, | അമ്പാടി ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | മുളമൂട്ടിൽ ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | പരുവപറമ്പിൽ ഫൈനാൻസ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | തകഴി ഗ്രാമീൺ നിധി ലിമിറ്റഡ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| ആകെ | | | 12,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷം മുതൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:2,തീയതി:09/01/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽ നഷ്ടം ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ

പ്രോജക്ട് നമ്പർ 85/22, അടങ്കൽ- 500000/- (എസ്.സി.പി)

ചെലവ്- 493004/-രൂപ ബിൽ നമ്പർ 2/21.1.22

തകഴി ഗ്രാമ പഞ്ചായത്തിൽ തൻവർഷം ഹെഡ്മിസ്ട്രസ്,ജി.യു.പി.എസ് നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര നൽകൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ആകെ 100 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും സ്റ്റീൽ മേശ, കസേര എന്നിവ വാങ്ങിയതിന് ബിൽ നമ്പർ 2/21.1.22പ്രകാരം 493004/-രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ14.2.18 ഖ.7.2.7) പ്രകാരം ഈ ആനുകൂല്യം ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരു തവണ മാത്രമേ നൽകാവൂ എന്നും പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളവർ അർഹരല്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം വാങ്ങിസൂക്ഷിച്ചില്ല. ആയത് സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/9.1.23) ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതിക്ക് വേണ്ട് തെരഞ്ഞെടുത്ത കുട്ടികൾക്ക് പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ തന്നെ അവകാശപ്പെട്ടിരിക്കുന്നു. ഇത് അംഗീകരിക്കാവുന്നതല്ല. ബന്ധപ്പെട്ട വകുപ്പിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യ നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

കൂടാതെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 22.9.21 ലെ രണ്ടാം നമ്പർ തീരുമാനം എന്ന് രേഖപ്പെടുത്തി- എച്ച്.എം. നടപ്പിലാക്കുന്ന 85/22 പ്രോജക്ടിന് മേശ, കസേര എന്നീ സാധനങ്ങൾ തിരുവല്ല സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് തീരുമാനിച്ചു എന്ന് ടൈപ്പ് ചെയ്തതിന്റെ ശരി പകർപ്പ് എന്നെഴുതി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ പ്രസ്തുത തിയതിയിലോ അതിനുശേഷമോ ഇത്തരമൊരു തീരുമാനം പ്രൊക്യൂർമെന്റ് കമ്മിറ്റി കൈക്കൊണ്ടിട്ടുള്ളതായി രേഖപ്പെടുത്തലുകളില്ല.

മേൽ പ്രവർത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ പെർഫോമ ഇൻവോയിസുകൾ പ്രകാരമുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഇനം | നിരക്ക് | 18% GSTഉൾപ്പെടെ |
|---|---|---|---|---|
| 1. | സിഡ്കോ തിരുവല്ല | Steel Table With One Draw One Cupboard 90x45x75, 22g | 3488 | 4930 |
| | | Steel Cushioned Chair | 690 | |
| 2 | ARTCO | Steel Table With One Draw One Cupboard 36"x18"x30", 22g | 3613.16 | 4750 |
| | | Steel Chair Cushion Set And Back | 1136.34 | |
| 3 | കാഡ്കോ | മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ടിനങ്ങൾക്കുമായി ജി.എസ്.ടിയുൾപ്പെടെ | - | 4980/- |
| 4 | ടോപ്മോസ്റ്റ് ഫർണിച്ചർ പത്തനാപുരം | അളവുകൾ രേഖപ്പെടുത്താതെ | - | 4661/- |

ഇതിൽ അളവുകൾ രേഖപ്പെടുത്താത്തതിനാൽ ടോപ്മോസ്റ്റ് ഫർണിച്ചർ പത്തനാപുരം എന്ന സ്ഥാപനത്തെ ഒഴിവാക്കിയാലും താരതമ്യേന കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ARTCO യെ ഒഴിവാക്കിയതിന്റെ കാരണങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ARTCO യെ ഒഴിവാക്കിയത് മൂലം (4930-4750= 180) ഒരു ജോഡിക്ക് 180/- വീതം ആകെ 100ജോഡിക്ക് 18000/-രൂപ അധികം ചെലവായി.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷനുകൾ- ഗുണമേന്മയുള്ളതും വിലക്കുറവുള്ളതുമായത് തെരഞ്ഞെടുത്ത് നൽകണമെന്ന് കാണിച്ച് സെക്രട്ടറിക്ക് കത്തും ക്വട്ടേഷൻ പകർപ്പും സമർപ്പിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സിഡ്കോ ഗവൺമെന്റ് സ്റ്റാഫ് ആണ് ക്വട്ടേഷൻ വെച്ചിട്ടുള്ളതെന്നും ബാക്കി ക്വട്ടേഷനുകൾ ഏജന്റുമാരുടേതും പ്രൈവറ്റുമൊക്കെയാണെന്ന് പഞ്ചായത്തിൽ നിന്ന് അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രൊക്യൂർമെന്റ് കമ്മറ്റി കൈക്കൊണ്ടിട്ടില്ലാത്ത തീരുമാനം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുക വഴി കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കുവാനും അധികചെലവിനിടയാകുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനും ആയത് ഒഴിവാക്കപ്പെടണമെങ്കിൽ വ്യക്തമായ കാരണം രേഖപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് പൂർണ്ണ ഉത്തരവാദിത്തമുണ്ടെന്നിരിക്കെ ആയത് രേഖപ്പെടുത്താതെ ചുമതല കൃത്യമായി നിർവ്വഹിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥയും ഒരുപോലെ ഉത്തരവാദികളാണെന്നതിനാൽ മേൽ സൂചിപ്പിച്ചവിധം അധികം ചെലവഴിച്ച 18000/-രൂപ നഷ്ടോത്തരവാദികളായ പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചവിധം അധികം ചെലവഴിച്ച 18000/-രൂപ കിഴിച്ച് മേൽ സൂചിപ്പിച്ചിട്ടുള്ളവിധം ബന്ധപ്പെട്ട വകുപ്പിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യ നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ബാക്കി തുകയായ (493004-18000), 475004രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല-നഷ്ടം 5316/-

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപത്രങ്ങളിൽ നല്കിയിട്ടുള്ള ടെണ്ടർ /ദർഘാസ് പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ ചെലവഴിച്ച 37,212 /- രൂപയ്ക്കു മേൽ സൂചിപ്പിച്ച 15% ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ / തീയ്യതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | 5% ജിഎസ്ടി ഈടാക്കുന്നതിന് മുൻപുള്ള തുക | 15% ട്രേഡ് ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 22100160 / 28-06-2021 | 321000085945 / 31.01.21 മാതൃഭൂമി | 8736-516 = 8320 | 1248 |
| | | 321000092486/ 15.02.2021 മാതൃഭൂമി | 8736-516 = 8320 | 1248 |
| 2 | 22100480 / 16-11-21 | 126273844 /10.10.21 മലയാള മനോരമ | 9660-460= 9200 | 1380 |
| 3 | 22100648 / 31-01-22 | ALPSCH073692 / 07-12-22 കേരള കൌമുദി | 5040-240= 4800 | 720 |

| | | | | |
|---|---|---|---|---|
| | | ALPSCH074424 / 09-12-22 കേരള കൌമുദി | 5040-240= 4800 | 720 |
| | | ആകെ | 37,212/- | 5316/- |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയും ചെയ്തത്. ബന്ധപ്പെട്ട പത്ര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം: 13 / 10-01-2023) ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-16 ലും ഇതേ അപാകത ചൂണ്ടിക്കാട്ടിയിരുന്ന ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. വിവിധ ദിനപത്രങ്ങളിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് മേൽ സൂചിപ്പിച്ച 5,316/- രൂപാ ഡിസ്കൌണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. തുക അനുവദിച്ച് കിട്ടിയ വിവരം രേഖാ മൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് തുടർന്നുള്ള വർഷങ്ങളിൽ പരസ്യം നൽകുമ്പോൾ ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മുക്കട കോളനി ഓട നിർമ്മാണം - അപാകതകൾ

പ്രോജക്ട് നമ്പർ - 136/22

മുക്കട കോളനി ഓട നിർമ്മാണം

അടങ്കൽ- 370,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - 346840.00

കരാറുകാരൻ - ശ്രീ.സുരേഷ് കുമാർ, അളവ് പുസ്തകം- 24/AEE/TKXHY

എഗ്രിമെന്റ് നമ്പർ 34/AE/LSGD/ 29.01.2021, ബിൽ നമ്പർ- 46/27.3.22

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ വിവിധ ആഴത്തിൽ 46.20മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും 27.05m3 ചെയ്തിട്ടുണ്ട്. രണ്ടാമിനമായി 46.20x1x0.10 അളവിൽ ഡ്രെയിൻ ഫൗണ്ടേഷൻ പി.സി.സി ചെയ്തിട്ടുണ്ട്. മൂന്നാമിനമായി 1:2.5:5അനുപാതത്തിൽ സിമന്റ് കോൺക്രീറ്റുപയോഗിച്ച് സൈഡ് വാൾ താഴെപറയുന്ന അളവിലും ചെയ്തിട്ടുണ്ട്.

| | |
|---|---|
| 2x10x0.20x0.5 | 9.6m3 |
| 2x10x0.20x(0.5+0.55)/2 | |
| 2x10x0.20x(0.55+0.60)/2 | |
| 2x10x0.20x(0.6+0.68)/2 | |
| 2x2.5x0.20x(0.68+0.7)/2 | |

മേൽ സൂചിപ്പിച്ചവിധം സൈഡ് വാൾ 0.20മീറ്റർ വീതിയിൽ 42.5മീറ്റർ നീളത്തിൽ ചെയ്തിട്ടുണ്ട്. കൂടാതെ നാലാമിനമായി 1:2:4 അനുപാതത്തിൽ വിയറിംഗ് കോട്ട് 46.2x0.40x0.05= 0.92m3ചെയ്തിട്ടുണ്ട്. 3.7മീറ്റർ നീളത്തിലുള്ള ക്രോസ് വാളിന്റെ നീളമുൾപ്പെടെയാണ് 46.2മീറ്റർ നീളത്തിൽ എസ്കവേഷനും രണ്ടാമിനമായി 46.20x1x0.10 അളവിൽ ഡ്രെയിൻ ഫൗണ്ടേഷൻ പി.സി.സി ചെയ്തിട്ടുള്ളത്. എന്നാൽ ഇത് കണക്കിലെടുക്കാതെ അഞ്ചാമിനമായി ക്രോസ് ഡ്രെയിൻ ബെഡ് കോൺക്രീറ്റിംഗ് 1:3:6 അനുപാതത്തിൽ വീണ്ടും (1x3.7x1x0.10) ചെയ്തതായി അളവ് പുസ്തകം പുറം 7ൽ രേഖപ്പെടുത്തി 8899.19/m3നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. അതായത് 0.37$m^3$ ന് 8899.19/m3നിരക്കിൽ 3292/- രൂപ അധികം നൽകി.

കൂടാതെ മേൽ സൂചിപ്പിച്ച അളവുകളിൽ നിന്നും 1 മീറ്റർ വീതിയിൽ ബെഡ് കോൺക്രീറ്റിംഗ് ചെയ്തതിൽ ഇരുവശവും 0.20 മീറ്റർ വീതിയിൽ സൈഡ് വാൾ ചെയ്യുകയും കാനയുടെ ഉൾവശം 0.40 മീറ്റർ വീതിയിൽ വിയറിംഗ് കോട്ടും ചെയ്തതിൽ നിന്നും ഇരുവശവും 0.10മീറ്റർ വീതം ഓഫ് സെറ്റ് നൽകിയശേഷമാണ് സൈഡ് വാൾ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ കാനയുടെ മുകൾ ഭാഗത്തെ ആകെ വീതി 0.80മീറ്റർ മാത്രമേ വരുകയുള്ളൂ. എന്നാൽ അഞ്ചാമിനമായി പുറം 14 പ്രകാരം കവറിംഗ് സ്ലാബ് നിർമ്മിച്ചിട്ടുള്ളതിന്റെ അളവ് താഴെ ചേർക്കുന്നു.

92x1x0.50x0.12= 5.52m3

മേൽ ഇനത്തിന് 8898.19/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. കാനയുടെ മുകൾ ഭാഗത്തെ വീതിയേക്കാൾ അധികം വീതിയിൽ കവറിംഗ് സ്ലാബ് നിർമ്മിച്ചതായി കാണുന്നു. മേൽ സൂചിപ്പിച്ചവിധം കവറിംഗ് സ്ലാബ് നിർമ്മിക്കാവുന്ന അളവ് ചുവടെ ചേർക്കുന്നു.

92x0.80x0.50x0.12= 4.41$m^3$ · ഇപ്രകാരം കവറിംഗ് സ്ലാബ് അധിക വീതിയിൽ ചെയ്തത് മൂലമുണ്ടായ അധികചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | കവറിംഗ് സ്ലാബ് നിർമ്മിച്ച അളവ് | കവറിംഗ് സ്ലാബ് നിർമ്മിക്കാവുന്ന അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| സിമന്റ് കോൺക്രീറ്റ് | 92x1x0.50x0.12= 5.52$m^3$ | 92x0.80x0.50x0.12= 4.41$m^3$ | 5.52$m^3$ X | 4.41$m^3$ X 8898.19/$m^3$ | 9877/- |

| | | | | | | | |
|---|---|---|---|---|---|---|---|
| കവറിംഗ് സ്ലാബ് | | | | | 8898.19/$m^3$ =49118/- | =39241/- | |
| സപ്ലൈയിംഗ് & ഫിറ്റിംഗ് TMT സ്റ്റീൽ ബാർ | 12mm | 92x5x0.90x0.888= 367.63kg | 12mm | 92x5x0.75x0.888= 306.36kg | 483.91kg X77044.87/T =37283 | 422.64kgx77044.87/T =32562 | 4721/- |
| | 8mm | 92x8x0.40x0.395= 116.28kg | 8mm | 92x8x0.40x0.395= 116.28kg | | | |
| | ആകെ | 483.91kg | ആകെ | 422.64kg | | | |
| ആകെ | | | | | | | 14598/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/10.1.23) ലഭ്യമാക്കിയ മറുപടിൽ പമ്പാ നദിയുടെ കൈവഴി ഒഴുകുന്ന പുഴയുടെ സൈഡിലാണ് കോളനിയെന്നും അതിനാൽ റാഫ്റ്റ് ഫൗണ്ടേഷൻ നൽകി അതിന് മുകളിലാണ് അബട്ട്മെന്റ് നിർമ്മിച്ചതെന്നുമാണ്. എന്നാൽ ഈ മറുപടി കാനയുടെ മുകൾ ഭാഗത്തെ വീതിയേക്കാൾ കൂടിയ നീളത്തിൽ കവറിംഗ് സ്ലാബാ നിർമ്മിച്ചതിനെ സാധൂകരിക്കിന്നതല്ലെന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആകയാൽ മേൽ സൂചിപ്പിച്ചവിധം 12% ജി.എസ്.ടി (2147) ഉൾപ്പെടെ ആകെ അധികം നൽകിയ (3292+14598+2147), 20037/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല- നഷ്ടം

വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24$cm^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തീയ്യതി | പത്രം / ഇൻവോയിസ് നം | നല്കിയപരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 22100160 / 28-06-21 | 321000085945 / 31.01.21 മാതൃഭൂമി | 32sq Cm | 260 | 8320 + (Sgst-208+ Cgst-208) = 8736 | 24cm@260 =6240 15% ഡിസ്കൗണ്ട്= 936 6240-936=5304 +5% GST 5304+265= 5569 | 8736-5569 = 3167 |
| | 321000092486/ 15.02.2021 മാതൃഭൂമി | 32sq Cm | 260 | 8320 (Sgst-208 Cgst-208) = 8736 | 24cm@260 =6240 15% ഡിസ്കൗണ്ട്= 936 6240-936 = 5304 +5% GST 5304+265= 5569 | 8736-5569 = 3167 |
| 22100480 / 16-11-21 | 126273844 /10.10.21 മലയാള മനോരമ | 40 Sq Cm | 230 | 9200 (Sgst-230 Cgst-230) = 9660 | 24cm@230 =5520 15% ഡിസ്കൗണ്ട്= 828 5520-828 = 4692 +5% GST 4692+235= 4927 | 9660-4927 =4733 |
| | ആകെ | | | | | 11067/- |

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് വാർഷികപദ്ധതികൾക്കായി

നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് നൽകിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 11,067/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. പത്ര സ്ഥാപനങ്ങൾ നല്കിയ ബിൽ പ്രകാരം ഉള്ള തുക നിർദ്ദിഷ്ട അളവിലുള്ള പരസ്യത്തിനുള്ള തുക എന്ന് കരുതിയാണ് ചെലവഴിച്ചത് എന്നാണ് ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 10.01.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-14) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 11,067/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 230075 | പാലിയേറ്റീവ് കെയർ പദ്ധതി | 230075 | 0 |
| | 2021-22 | 202825 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 202825 | 0 |
| | 2021-22 | 166000 | അംഗൻവാടി അനുപൂരക പോഷകാഹാരം | | |
| | 2021-22 | 50000 | അഗതി ആശ്രയ | 50000 | 0 |
| | 2021-22 | 1481000 | ലൈഫ് ഭവന നിർമാണം (ജനറൽ) | 1481000 | 0 |
| | 2021-22 | 200000 | ലൈഫ് ഭവന പദ്ധതി ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 200000 | 0 |
| | 2021-22 | 552545 | ലൈഫ് ഭവന നിർമാണം (എസ്.സി) | 552545 | 0 |
| | ആകെ | 2882445 | | 2882445 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 480000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 480000 | |
| | 2021-22 | 83075 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 83075 | |
| | 2021-22 | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 100000 | |
| | 2021-22 | 3000000 | സുജലം പദ്ധതി | 2616843 | 383157 (തിരിച്ചടച്ചു) |
| | ആകെ | 3663075 | | 3279918 | 383157 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാനം വീട് മുതൽ കുമ്മങ്കോട് സർപ്പക്കാവ് വരെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 173/14.02.2022 | 130000 | 0 | 130000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ 2021-22 | 207/13.03.2022 123/01.01.2022 | 1646000 | 0 | 1646000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | | 15881528 | 2493333 | | 13388195 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61540428 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66127860 |
| വരവിനങ്ങളിലുള്ള നഷ്ടം | 12500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54420/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2445229/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 12,500/- | | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| 3-1 | | 9000/- | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-1 | | 9000/- | ശ്രീമതി.ഗീത കുമാരി, ഹെഡ്മിസ്ട്രസ്സ് |
| 3-2 | | 5316 | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| 3-3 | | 20037/- | ശ്രീ.സതീഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 11,067/- | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| ആകെ | 12,500/- | 54420/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-16 | 60426 | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| 1-17 | 1776000 | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| 1-18 | 100000 | ശ്രീമതി.ജയശ്രീ.കെ.വി, വി.ഇ.ഒ |
| 1-20 | 33799 | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| 1-29 | 475004 | ശ്രീമതി.സിമി സൂസൻ ചെറിയാൻ, NREGS അക്രഡിറ്റഡ് എഞ്ചിനീയർ |
| ആകെ | 2445229/- | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-22 | 108477 (IT) | ശ്രീമതി.സിമി സൂസൻ ചെറിയാൻ, NREGS അക്രഡിറ്റഡ് എഞ്ചിനീയർ |
| | | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| | 107340 (GST) | ശ്രീമതി.സിമി സൂസൻ ചെറിയാൻ, NREGS അക്രഡിറ്റഡ് എഞ്ചിനീയർ |
| | | ശ്രീ.മുഹമ്മദ് ഇക്ബാൽ.എം, സെക്രട്ടറി |
| ആകെ | 215817 | |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സതീഷ് കുമാർ, അസി.എഞ്ചിനീയർ. | അസി.എഞ്ചിനീയർ, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം. | ചമ്പക്കര പുത്തൻവീട് കല്ലാർ.പി.ഒ,വിതുര തിരുവനന്തപുരം |
| ശ്രീ.മുഹമ്മദ് ഇക്ബാൽ.എം., സെക്രട്ടറി. | സെക്രട്ടറി, തകഴി ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ. | തൗഫീക്ക് മൻസിൽ ആലപ്പുഴ |
| ശ്രീമതി.ജയശ്രീ.കെ.വി, വി.ഇ.ഒ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മുഹമ്മ | തോപ്പിൽ ഹൗസ് അവലൂകുന്ന്.പി.ഒ പൂന്തോപ്പ് വാർഡ് ആലപ്പുഴ |
| ശ്രീമതി.സിമി സൂസൻ ചെറിയാൻ, അക്രെഡിറ്റഡ് എൻജിനീയർ., MGNREGS, തകഴി. | അക്രെഡിറ്റഡ് എൻജിനീയർ, തകഴി | പാലക്കളത്തിൽ - പുത്തൻപറമ്പിൽ, പാണ്ടങ്കരി.പി.ഒ. കോയിൽമുക്ക് എടത്വ |

| | | |
|---|---|---|
| ശ്രീമതി.ഗീത കുമാരി, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് TSSGUPS, തകഴി | ഹൃദ്യം തകഴി.പി.ഒ തകഴി ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജിഎ5-1832/11, തീയതി 21.03.2012 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5/1577/13, തീയതി 16.05.2014 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി.1/1491/13, തീയതി 07.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.എ.പി.1/1959/2014, തീയതി 15.01.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി.1-658/16, തീയതി 04.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.1-1483/16, തീയതി 06.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.1-614/17, തീയതി 16.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.1-320/19, തീയതി 06.06.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.1-180/2020, തീയതി 12.06.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.1-383/2021, തീയതി 08.04.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.1-654/2022, തീയതി 01.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്